# PARENT TEACHERS ASSOCIATION
## COLLEEGE OF ENGINEERING KIDANGOOR
(Under the Co-Operative Academy of Professional Education, Est.by Govt. of Kerala)
KIDANGOOR SOUTH P.O, KOTTAYAM-686 583☎ 04822 –255056/256056
Fax:04822-255056 Email: cekcape@sancharnet.in

CEK, KOTTAYAM

President
Dr. S. Jayakumar

Vice President
Sri. R. Venugopal

Secretary
Sri. Suresh. A. R


## വാർഷിക പൊതുയോഗം 2011 - 2012

## റിപ്പോർട്ട്

മാന്യമിത്രമെ,

കേരളസർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന CAPEന്റെ ഉടമസ്ഥതയിൽ കിടങ്ങൂർ എൻജിനീയറിംഗ് കേളേജ് 2000 ൽ സ്ഥാപിതമായി. തദ്ദേശ വാസികളിൽ നിന്നും കിടങ്ങൂർ സർവ്വീസ് സഹകരണ ബാങ്ക് 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകികൊണ്ട് ഈ ഉദ്യമത്തിനു പൂർണ പിന്തുണനൽകി. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി ഈ കോളേജ് പ്രവർത്തിച്ചുവരുന്നു എന്നുള്ളത് ചരിതാർത്ഥ്യ ജനകമാണു. ഈ കാലയളവിൽ ഒട്ടനവധി പ്രൊഫഷണൽസിനെ സമൂഹത്തിനു സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചു.

2011 ഡിസബർ 17– നു കൂടിയ പൊതുയോഗത്തിൽ വച്ച് 2011–12 അദ്ധ്യയനവർഷത്തേയ്ക്കുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു. പ്രിൻസിപ്പാൾ പ്രസിഡന്റായും, വൈസ് പ്രസിഡ്ന്റായി ശ്രീ ആർ. വേണുഗോപാലും സെക്രട്ടറിയായി ശ്രീ സുരേഷ്. എ. ആർ നെയും കമ്മറ്റി അംഗങ്ങളായി ശ്രീ മോഹൻ ദാസ് ആമ്പലാറ്റിൽ, ശ്രീമതി. പ്രീത രവീന്ദ്രൻ, ശ്രീ. രാജഗോപാൽ. ആർ, ശ്രീ. കെ. രാജേന്ദ്രൻ എന്നിവരെയും തിരഞ്ഞെടുത്തു.

ഈ കാലയളവിൽ 2012 ജൂലൈ 19 വരെ Dr.വി പ്രസീദലക്ഷ്മിയും പിന്നീട് Dr.എസ്. ജയകുമാറും പി.ടി.എ പ്രസിഡന്റായി സേവനമനുഷ്ഠിച്ചുവരുന്നു. റിപ്പോർട്ടു വർഷത്തിൽ ഈ കോളേജിന്റെ പുരോഗതിക്കും വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഊന്നൽ നൽകികൊണ്ട് പി. ടി. എ കമ്മറ്റിക്ക് പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. റിപ്പോർട്ടു വർഷത്തിൽ പി. ടി. എ എക്സിക്യൂട്ടീവ് കമ്മറ്റി നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ താങ്കളുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

1. പി. ടി. എ യുടെ പ്രഥമ പരിഗണനയിലുള്ള കാര്യം വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം കാര്യക്ഷമമാക്കുക എന്നുള്ളതായിരുന്നു. നിലവിൽ 2 ബസ്സ് സ്വന്തമായും 3 ബസ്സ് വാടകയ്ക്കും ഓടിച്ചിരുന്നു. പി. ടി എ കമ്മിറ്റിയുടെ ശ്രമഫലമായി 2 ബസ്സ് പുതുതായി വാങ്ങുവാൻ സാധിച്ചു. (ആയതിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). രക്ഷകർത്താക്കളുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് തലയോലപ്പറമ്പ് റൂട്ടിലും ഈരാറ്റുപേട്ട റൂട്ടിലും ഡിസബർ രണ്ടാം വാരം മുതൽ ബസ്സുകൾ ഓടിച്ചുതുടങ്ങും.കോളേജ് ബസ്സിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡോർ ചെക്കറെ നിയമിക്കുകയും അതിന്റെ ഗുണ ഫലങ്ങൾ കണ്ടുവരുകയും ചെയ്യുന്നു. അടുത്ത വർഷം പുതിയ ബസ്സ് വാങ്ങിക്കുന്ന കാര്യം പി. ടി എ കമ്മിറ്റിയുടെ സജീവ പരിഗണനയിലാണ്.

2. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി PTA committeeയുടെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് Play Ground ഭാഗീകമായി പൂർത്തീകരിക്കുകയും Volleyball Court നിർമ്മിക്കുകയും ചെയ്തു. കൂടാതെ ഒരു Gymnesium സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

3. കുട്ടികൾക്കുള്ള ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി 3 കൂളർ വാങ്ങിയ്ക്കുകയും അവ സുരക്ഷിതമായി പ്രവർത്തിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. വ്യക്തി ശുചിത്വത്തിന്റെ ഭാഗമായി 3 വാഷ് ഏരിയ നിർമ്മിക്കാനുള്ള നടപടികൾ പൂർത്തിയായി. കോളേജ് അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങളിലൊന്നായ ശുദ്ധജല ലഭ്യത ഒരളവു വരെ പരിഹരിക്കാൻ സാധിച്ചത് മഴവെള്ള സംഭരണി സ്ഥാപിച്ചതിലൂടെയാണ്. മഴവെള്ള സംഭരണിയിൽ നിന്ന് വാട്ടർ ടാങ്കിലേയ്ക്ക് പമ്പുചെയ്യുൻ പമ്പും അനുബന്ധസംവിധാനങ്ങളും പി ടി എ വാങ്ങി നൽകി. കോളേജിനു സ്വന്തമായി ഒരു ജലസ്രോതസ് എന്ന ആശയം പ്രാവർത്തികമാക്കാനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ പി ടി എ കമ്മിറ്റി ഊർജിതമായി ശ്രമിച്ചുവരുന്നു. കോളേജിന്റെ കോമ്പൗണ്ടിൽ കിണർ കുഴിക്കുവാനുള്ള പ്രാരംഭ ചിലവുകൾ പി. ടി. എ വഹിച്ചിട്ടുണ്ട്.

4. പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി Nature Club 2012 August 18ന് 'ജീവന്റെ കൂടൊരുക്കം'എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. NSS unit, Adv.Charly Paul ന്റെ നേതൃത്വത്തിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ ക്ലാസ്സ്

സംഘടിപ്പിച്ചു. ഈ രണ്ടു പരിപാടികൾക്കും സാമ്പത്തികമായും ധാർമ്മികമായും പിന്തുണ PTA നൽകി. Nature Club ന്റെ നേതൃത്വത്തിൽ PTA യുടെ സഹകരണത്തോടെ ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നു. Nature Club ന്റെ ആഭിമുഖ്യത്തിൽ വനം വകുപ്പിന്റെ സഹകരണത്തോടെ വനവാസ ക്യാമ്പുകൾ നടത്തുവാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു.

5. PTA യുടെ ധനസഹായത്തോടെ English Language Lab വിജയകരമായി പ്രവർത്തിച്ചുവരുന്നു. Libraryയിലേക്കാവശ്യമായ Periodicals, Journals മുതലായവ വാങ്ങിക്കുന്നതിലേക്കായി PTA ധനസഹായം നൽകി വരുന്നു. Acreditation ന്റെ ഭാഗമായി ഓരോ Department ലേയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ധനസഹായം PTA നൽകുന്നുണ്ട്.

6. വേൾഡ് ബാങ്കിന്റെ ധനസഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ടെക്യുപ്പ്-ഫെയ്സ്2 ഫണ്ട്,അലോക്കേഷൻ പദ്ധതിയിലേക്ക് കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 13 കോളേജുകളിൽ ഒന്നാണ് നമ്മുടെ കോളേജ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് PTAനൽകി.

7. വിദ്യാർത്ഥികൾക്ക് Rest Room നുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം നൽകാൻ Committee തീരുമാനിച്ചിട്ടുണ്ട്. Canteen,Front-Gate and Wall, Security Room എന്നിവ പെയിന്റ് ചെയ്യാനുള്ള ഫണ്ട് PTA നൽകി.

8. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിവരുന്ന Inter Collegiate Fest 'Lumiere' ന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് PTA നൽകി വരുന്നു. ഏതാണ്ട് 6 ലക്ഷത്തോളം രൂപ ചിലവുവരുന്ന ഈ മേള കൂടുതൽ കാര്യക്ഷമമാക്കുന്നതിന് PTAയുടെ മേൽനോട്ടം വരും വർഷങ്ങളിൽ സജീവമായി ഉണ്ടാകുന്നതാണ്.

9. വിദ്യാർത്ഥികൾക്കുള്ള hostel സൗകര്യം നല്കിവരുന്നത് PTAയുടെ നിയന്ത്രണത്തിലും അംഗീകാരത്തിലുമുള്ള ഇരുപതോളം hostelകളാണ്. ഇവയുടെ പ്രവർത്തനങ്ങൾ ആനുകാലികമായി PTACommittee

വിലയിരുത്തിവരുന്നു. കോളേജിന് സ്വന്തമായി ഒരു hostel തുടങ്ങുന്നതിനുള്ള ശ്രമം PTAനടത്തിവരുന്നു.

10. ഈ കോളേജിന്റെ ചിരകാല സ്വപ്നങ്ങളിലൊന്നായ കോളേജ് ആഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള Paper Workകൾ പൂർത്തിയാക്കി CAPE ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഏതാണ്ട് 50 ലക്ഷത്തോളം രൂപ പ്രാരംഭ ഘട്ടത്തിൽ ചിലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുമെന്ന് കരുതുന്നു. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേയ്ക്കായി പ്രത്യേക നടപ്പാത നിർമ്മിക്കാനുള്ള തീരുമാനം PTA എടുത്തിട്ടുണ്ട് അതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും ശ്രമഫലമായി കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഈ സരസ്വതീ ക്ഷേത്രം എത്തുവാൻ ജഗദീശ്വരൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും ഈ കഴിഞ്ഞ ഒരു വർഷം ഞങ്ങളോട് ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ടും കണക്കും നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

പി. ടി. എ കമ്മിറ്റിയ്ക്കു വേണ്ടി

**സെക്രട്ടറി**

കിടങ്ങൂർ
05.12.2012

NB: 05.12.2012 ലെ പി. ടി എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചത്.